മൽസ്യം വളർത്തൽ

619 [664.] ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, എം. വി. മാണി :

ഡോ. ജോർജ് മാത്യു:

ശ്രീ. പി. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയംമറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിലും, കായൽ തടങ്ങളിലും അണക്കെട്ടുകളിലും മൽസ്യങ്ങളെ വളർത്തുന്നതിന് ഗവൺമെൻറിന് വല്ല പദ്ധതിയും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാം ;

(സി) കേരളത്തിലെ നിരവധി അണക്കെട്ടുകളിൽ ഇന്നും മൽസ്യം വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല എന്നതു പരിഗണിച്ച് ഇവിടെ മൽസ്യം വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) ഇപ്പോൾ മലമ്പുഴയിലും പന്നിവേലിച്ചിറയിലും ഓരോ ഫിഷ് സീഡ് ഫാം പ്രവർത്തിക്കുന്നുണ്ട്. ഉൾനാടൻ മൽസ്യം വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് സബ്സിഡി കൊടുക്കുവാൻ ഒരു പദ്ധതി കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ഒരു ഫിഷ് ഫാമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസി പാലക്കാട് ജില്ലയിൽ കേന്ദ്രത്തിൻെറ സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂരും കൊല്ലത്തും ഓരോ ഫിഷ് ഫാമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസി സ്ഥാപിക്കുന്നതിന് അനുവാദം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിനു നടപടി എടുത്തുവരുന്നു. ജലമൽസ്യ വികസനത്തിന് തൃശ്ശൂർ ജില്ലയിൽ പൊയ്യ എന്ന സ്ഥലത്ത് കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടെ ഒരു ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാമിംഗ് പ്രോജക്ടും തുടങ്ങിയിട്ടുണ്ട്.

(സി) കേരളത്തിലെ 26 ജലസംഭരണികളിൽ ഒൻപതെണ്ണത്തിൽ ഇപ്പോൾതന്നെ മീൻവളർത്തൽ കേന്ദ്രങ്ങളുണ്ട്. മറ്റുള്ളവയിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഈപ്പൻ കണ്ടക്കുടി: ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യം വളർത്തുന്നതിന സബ്സിഡി കൊടുക്കുവാനുള്ള പദ്ധതി ആലപ്പുഴ, കോട്ടയം, എറണാകുളം ഈ ജില്ലകളിൽ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽ എത്രയെത്ര കർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിൻെറ കണക്ക് എൻെറ കൈവശം ഇപ്പോഴില്ല.

ശ്രീ. ഈപ്പൻ കണ്ടക്കുടി: കോട്ടയം ജില്ലയിലും ആലപ്പുഴ ജില്ലയിലും കെ. എൽ. യു. ഓർഡർ നിലനിൽക്കുന്നതുകൊണ്ട് മീൻ വളർത്തുന്നതിനുള്ള സൗകര്യം ഇല്ല എന്നതു പരിഗണിച്ചുകൊണ്ട് ഈ ഓർഡർ അമെൻറ് ചെയ്ത് മീൻ വളർത്തുന്നതിനുവേണ്ട സൗകര്യങ്ങൾ കൃഷിക്കാർക്കു ചെയ്തു കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്, മുഹമ്മദുകോയ: പരിഗണിക്കാം.

ശ്രീ. എം. വി. മാണി: ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ സംസ്ഥാനത്തുള്ള 26 അണക്കെട്ടുകളിൽ ഒൻപതെണ്ണത്തിൽ മാത്രമേ ഇന്നോവരെ മീൻ വളർത്തൽ പരിപാടി ആരംഭിച്ചിട്ടുള്ളു എന്നു പറഞ്ഞു. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലും മറ്റുമുള്ള അണക്കെട്ടുകളിൽ പരമാവധി മൽസ്യം വളർത്തൽ കേന്ദ്രങ്ങളുണ്ട്. അതു കണക്കിലെടുത്ത് ഇനി ബാക്കിയുള്ള അണക്കെട്ടുകളിലുംകൂടി ഏറ്റവും വേഗം മൽസ്യം വളർത്തുന്ന പരിപാടി നടപ്പിലാക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിന് ധാരാളം മൽസ്യക്കുഞ്ഞുങ്ങളെ വിരിയിച്ച് എടുക്കേണ്ടതുണ്ട്. അങ്ങനെ വിരിച്ചെടുക്കുന്ന മുറയ്ക്ക് ഓരോ ജലസംഭരണികളിലും നടപ്പാക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. പി. സി. ജോസഫ്: കൽക്കട്ടായിൽനിന്നും കൊണ്ടുവന്ന ചെമ്മീൻ കുഞ്ഞുങ്ങളുടെ സ്ഥിതി എന്തായി ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഉപ്പുവെള്ളത്തിലുള്ളത് വളർന്നു വരുന്നുണ്ട്. ശുദ്ധജലത്തിലുള്ളത് ചത്തുപോയിട്ടുണ്ട്.

ശ്രീ. പി. സി. ജോസഫ്: ചെമ്മീൻ ഉപ്പുവെള്ളത്തിലേ വളരൂ എന്നുള്ളത് കണക്കിലെടുത്ത് ഉപ്പുരസമില്ലാത്ത വെള്ളത്തിലും ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള സാഹചര്യങ്ങളെക്കുറിച്ച് ഒരു ഗവേഷണം നടത്തി നമ്മുടെ നാട്ടിലെ സാഹചര്യമനുസരിച്ച് ഉപ്പില്ലാത്ത വെള്ളത്തിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: ചെമ്മീൻ കുഞ്ഞുങ്ങൾ ഉപ്പുവെള്ളത്തിലും വളരും, ശുദ്ധജലത്തിലും വളരും. ടൈഗർ പ്രോൺ ആണ് വളർത്താൻ ശ്രമിച്ചത്. തണ്ണീർമുക്കം ബണ്ടുമൂലം ലവണരസം ഇല്ലാതായിപ്പോയതുകൊണ്ടാണ് അവിടെ വളരാതിരുന്നത്. അവിടെ വളരുകയില്ലെന്നു ഗവേഷണം കൊണ്ടാണ് മനസ്സിലായത്.

ശ്രീ. ഒ. ലൂക്കോസ്: ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യം വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി കോട്ടയം ജില്ലയ്ക്ക് അനുവദിച്ച അഞ്ചുലക്ഷം രൂപ വിനിയോഗിക്കാനുള്ള ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിട്ട് മൂന്നു ലക്ഷം രൂപയും അവിടെനിന്നും ഡൈവർട്ട് ചെയ്യുകയും ബാക്കിയുള്ള രണ്ടു ലക്ഷം രൂപയിൽ ഒറ്റവ്യക്തിക്കുതന്നെ ഒരു ലക്ഷം രൂപയും കിട്ടത്തക്കവിധത്തിൽ ഒരു റിപ്പോർട്ട് അസിസ്റ്റന്റ് ഫിഷറീസ് ഡയറക്ടർ സമർപ്പിക്കുകയും ചെയ്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതേപ്പറ്റി അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അറിയിച്ചാൽ അന്വേഷിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കടലിൽനിന്നും പിടിക്കുന്ന മൽസ്യം മലയോര പ്രദേശങ്ങളിൽ എത്തിച്ചേരാൻ വിഷമമുള്ളതുകൊണ്ട് മലയോര പ്രദേശങ്ങളിലും ഇടുക്കി ജില്ലയിലും ഇത്തരം മൽസ്യം വളർത്തുന്നതിനുള്ള പരിപാടികളും വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി, എച്ച്. മുഹമ്മദുകോയ: മലയോരപ്രദേശമെന്നോ മറ്റു പ്രദേശമെന്നോ നോക്കാതെ എല്ലാ സ്ഥലങ്ങളിലും മൽസ്യം വളർത്താനുള്ള ഏർപ്പാടുകളാണ് ചെയ്യുന്നത്.

ശ്രീ. എം. കെ. കൃഷ്ണൻ: അടുത്തകാലത്തു നടത്തിയ ഒരു പരീക്ഷണത്തിൽ ഒരു ഹെക്ടർ സ്ഥലത്തുനിന്ന് മുപ്പത്തെണ്ണായിരം രൂപയ്ക്ക് മൽസ്യം കിട്ടിയതായി ഒരു പത്രവാർത്തകണ്ടു. അത് കടലോരപ്രദേശമായ വൈപ്പിൻകരനിന്നാണ്. ഇങ്ങനെ കുറച്ചു സ്ഥലത്ത് കൂടുതൽ ആദായം കിട്ടുന്നിടത്ത്, അതിനുള്ള പ്രോൽസാഹനം കൂടുതൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കൂടുതൽ ആദായം കിട്ടുന്ന സ്ഥലത്ത് കൂടുതൽ പ്രോൽസാഹനം കൊടുക്കുന്നതിന് ശ്രമിക്കാം.

ശ്രീ. സി. എം. സുന്ദരം: മലമ്പുഴയിൽ മാത്രമായി എത്ര ഫിഷ് ഫാമുകൾ രൂപീകരിച്ചിട്ടുണ്ട്. അതെല്ലാം ഉപയോഗശൂന്യമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉപയോഗശൂന്യമാണെങ്കിൽ അതു പരിഹരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മലമ്പുഴയിൽ ഫിഷ് ഫാമുണ്ട്. ആ ഫാമുകൾ ഉപയോഗശൂന്യമാണെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. പി. കരുണാകരൻ: ഈ പദ്ധതിക്കുവേണ്ടി ഇതുവരെ ഗവൺമെൻറ് എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ഒരു പദ്ധതിയല്ല, രണ്ടുമൂന്നു പദ്ധതികളുണ്ട്. 11,209 ഉറുപ്പിക ഗ്രാൻറായി നൽകുന്ന ഒരു പദ്ധതിയാണ്. ആ പദ്ധതി ഞാൻ മുമ്പൊരിക്കൽ പറഞ്ഞ ഒരുലക്ഷത്തി പതിനായിരത്തിഅഞ്ഞൂറ് കാരച്ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണ്. സംഖ്യ എത്രയാണെന്ന് എനിക്കറിയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലാണ് ഈ പദ്ധതിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മലബാറിലും ഇതുപോലുള്ള സൗകര്യപ്രദമായ സ്ഥലങ്ങളുണ്ടെന്നുള്ളതു പരിഗണിച്ച് ഈ പദ്ധതി മലബാറിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആദ്യം ഒരു ജില്ലയിൽമാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ രണ്ടു ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. അവസാനമായി കേരളം മുഴുവൻ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യം വളർത്തിതുടങ്ങിയതിനുശേഷം ഉൾനാട്ടിലെ മൽസ്യ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞുവരുന്നുണ്ടെന്നും ഫിഷറീസ് ഡിപ്പാർട്ടുമെൻറിന്റെ ഔദ്യോഗിക രേഖയിൽ കാണുന്നു. ഇതിനെസംബന്ധിച്ച് അന്വേഷിക്കുന്നതിനും കാരണം കണ്ടുപിടിച്ച് ഉൾനാടൻ ജലാശയങ്ങളിൽ കൂടതൽ ഉൽപ്പാദനം ഉണ്ടാക്കുന്നതിനും ഒരു ഗവേഷണം നടത്തുന്നതിന് സംസ്ഥാനത്തിനു പുറത്തുള്ള ഒരു ഏജൻസിയെ ഏൽപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇവിടെയുള്ളവർതന്നെ ഗവേഷണം നടത്തിയാൽ മതിയെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യം വളർത്തുന്ന കാര്യത്തിൽ ഇപ്പോഴും അനുവദിച്ചിട്ടുള്ള സബ്സിഡി ഒരു വിഭാഗക്കാർ അപഹരിച്ചെടുക്കുന്നു എന്നതു കണക്കാക്കികൊണ്ട് സബ്സിഡി സംഖ്യയായി കൊടുക്കുന്ന സംപ്രദായം ഒന്നവസാനിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കേന്ദ്രഗവൺമെൻറിൻെറ ഒരു സ്കീമാണ്. ഇത് കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യമാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: കല്ലട നദീജല പദ്ധതിയിൽ ഒരു മൽസ്യവളർത്തൽ കേന്ദ്രം ആരംഭിക്കാൻ ഗവൺമെൻറ് ദയവായി നടപടികൈം സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും പൂർത്തിയായ നദീജല പദ്ധതികളിൽ മുഴുവൻതന്നെ ആരംഭിച്ചുകഴിഞ്ഞതിനുശേഷം കല്ലടയുടെ കാര്യം ആലോചിക്കാം..

ശ്രീ. ഈപ്പൻ കണ്ടക്കുടി: ജലാശയങ്ങളിൽ മീൻ വളർത്തുന്നതിന് ആലപ്പുഴ പണം അനുവദിച്ചു എന്നു പറഞ്ഞു. മാർച്ച് 31-ാം തീയതിക്കകം പണം ചെലവഴിച്ചില്ലെങ്കിൽ അത് ലാപ്സായിപ്പോകുമെന്നുള്ളതു പരിഗണിച്ചുകൊണ്ട് മാർച്ച് 31-നകം ഗ്രാൻറ് കൊടുക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കു കൊടുക്കുകയും, ഈ പദ്ധതി വിപുലീകരിക്കുന്നതിനുവേണ്ടി കൂടുതൽ തുക അനുവദിക്കുകയും ചെയ്യുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെൻറിൻെറ എല്ലാ ഗ്രാൻറുകളും മാർച്ച് 31-നുമുമ്പ് ചെലവഴിച്ചില്ലെങ്കിൽ ലാപ്സായിപ്പോകും. അതനുസരിച്ചാണ് ചെലവു ചെയ്യുന്നത്.

ശ്രീ. എ. പി. കുര്യൻ: സബ്സിഡി കൊടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; എന്തു നിരക്കുവച്ചാണ് കൊടുക്കുന്നത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത് മുമ്പൊരവസരത്തിൽ ഈ സഭയിൽ ഞാൻ വിവരിച്ചു പറഞ്ഞതാണ്. ഒരു ഹെക്ടറിൽ മൊത്തം പതിനയ്യായിരം രൂപ ഗ്രാൻറായും ലോണായും നൽകിവരുന്നുണ്ട്. പതിനായിരം രൂപ കുളംവെട്ടുന്നതിനും അയ്യായിരം രൂപ മീൻവളർത്തുന്നതിനുള്ള തീറ്റയ്ക്കും മറ്റുമായി നൽകാൻ ഉദ്ദേശമുണ്ട്. 25 ശതമാനം സബ്സിഡിയുണ്ട്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: മൽസ്യം വളർത്തൽ കേന്ദ്രംപോലെതന്നെ മുതലവളർത്തൽ കേന്ദ്രം തുടങ്ങാൻ ഗവൺൻെറ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുതലയും മീനുമായി ബന്ധമൊന്നുമില്ല. എന്നാലും ഒരു മുതലവളർത്തൽ കേന്ദ്രം പേരാമ്പക്കടുത്ത് തുടങ്ങാൻ ഏർപ്പാട് നടത്തിയിട്ടുണ്ടെന്നാണ് എൻെറ ഓർമ്മ. പ്രത്യേക ചോദ്യം ചോദിച്ചാൽ വിശദമായി മറുപടി കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: മൽസ്യം വളർത്തൽ പദ്ധതിക്ക ഇൻഡ്യാ ഗവൺമെന്റ് എത്ര രൂപ തന്നിട്ടുണ്ട്, എത്ര രൂപ ചെലവഴിച്ചു ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇൻഡ്യാ ഗവൺമെന്റിനേ പറയാൻ കഴിയൂ.

ആശുപത്രികളിലെ സൗകര്യങ്ങൾ

*620 [665] ശ്രീ. ത്യാഗരാജൻ :

,, എ. വി. താമരാക്ഷൻ :

,, കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടക്കകൾ, മരുന്ന്, സ്റ്റാഫ് ഇവ അപര്യാപ്തമാണെന്ന് കാണിച്ച് എല്ലാ ആശുപത്രികളുടെ കാര്യത്തിൽ ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ട് ;

(ബി) ഉണ്ടെങ്കിൽ ഈ പരാതികൾ പരിഹരിക്കുന്നതിന്, എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ) :

(എ) മിക്കവാറും എല്ലാ ആശുപത്രികളെ സംബന്ധിച്ചും ഇത്തരം പരാതികൾ ലഭിക്കാറുണ്ട്.

(ബി) ഇതു പരിഹരിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക പരിമിതികളിൽനിന്നുകൊണ്ട് ചെയ്യാവുന്നതൊക്കെ ചെയ്യുന്നുണ്ട്, പുതിയ വാർഡുകൾ കെട്ടുവാൻ ബഡ്ജറ്റിൽ ഘട്ടംഘട്ടമായി തുക കൊള്ളിക്കുന്നുണ്ട്. അതുപോലെ ഒ. പി. യും ഐ. പി. യും എണ്ണമനുസരിച്ച് എല്ലാ വർഷവും മരുന്നിനുള്ള തുക വർദ്ധിപ്പിക്കുന്നുണ്ട്. ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതനുസരിച്ച് പുതിയ തസ്തികകൾ അനുവദിക്കുന്നുണ്ട്. എങ്കിലും സ്റ്റാഫ് പാറേൺ അനുസരിച്ചുള്ള എല്ലാ തസ്തികകളിലും നിയമിക്കുവാൻ ധനസ്ഥിതി അനുവദിക്കുന്നില്ല.

ശ്രീ. എ. വി. താമരാക്ഷൻ : നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ മൊത്തം എത്ര കിടക്കകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. പ്രഭാകരൻ : കഴിഞ്ഞ തവണ ഞാൻ പറഞ്ഞതാണ്. ഇരുപത്താറായിരത്തി അറുനൂറ് ബഡ്ഡുകളാണ് കഴിഞ്ഞ മാർച്ച് 31 വരെ ഉണ്ടായിരുന്നത്. ഈ കൊല്ലത്തിൽ 516 ബെഡ്ഡുകൾ കൂടുതലായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ : അടുത്ത സാമ്പത്തിക വർഷത്തിൽ എത്ര കിടക്കകൾ കൂടിയാണ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അതിനനുസരണമായി ഇന്നു കിടക്കകളും സ്റ്റാഫും ആയുള്ള അനുപാതം വളരെ കുറവാണെന്നു കണക്കിലെടുത്തുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly